5858
18/8/17

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് – കേരളത്തിലെ വിവിധ സർവ്വകലാശാലകൾ നടത്തുന്ന വിവിധ കോഴ്സുകൾ താരതമ്യപ്പെടുത്തി അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾക്ക് യോഗ്യത നിശ്ചയിച്ച് നൽകുന്നതിന് എസ്.സി.ഇ.ആർ.ടി-യെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

ജി.ഒ (പി) നം.5/2017/പൊവിവ തീയതി, തിരുവനന്തപുരം. 13/03/2017

പരാമർശം:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/01/2017 ലെ എച്ച്3/1801/2017/ഡിപിഐ നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ വിവിധ സർവ്വകലാശാലകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ നിരവധി പുതിയ കോഴ്സുകൾ ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾക്ക് വിവിധ കോഴ്സുകൾ യോഗ്യതയായി ഉൾപ്പെടുത്തണമെന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉൾപ്പെടെയുള്ളവരിൽ നിന്നും നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ ചുവടെ കൊടുത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ). കേരളത്തിലെ വിവിധ സർവ്വകലാശാലകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന വിവിധ കോഴ്സുകളുടെ വിശദാംശങ്ങൾ ശേഖരിച്ച് പ്രസ്തുത കോഴ്സുകളുടെ സിലബസും/ അക്കാഡമിക് യോഗ്യതകളും താരതമ്യപ്പെടുത്തുക.

ബി). ഇത്തരത്തിലുള്ള ഏതെല്ലാം കോഴ്സുകൾ കേരളത്തിലെ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾക്കുള്ള യോഗ്യതയായി ഉൾപ്പെടുത്താനാകുമെന്ന് പരിശോധിക്കുക.

സി). സ്കൂൾ വിദ്യാഭ്യാസ പുരോഗതിക്കാവശ്യമായ ട്രെയിനിംഗ്, അക്കാഡമിക് സപ്പോർട്ട് മുതലായവ നൽകുന്ന ഡയറ്റിന്റെ ന്റെ ചുമതല SCERT യെ ഏൽപ്പിക്കുക.

ഡി). മുകളിൽ സൂചിപ്പിച്ചിട്ടുള്ളവയിൻമേൽ വിശദവും സമഗ്രവുമായ റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ഡയറ്റ്/അനുബന്ധ സ്ഥാപനത്തിന്റെ ചുമതലയുള്ള ജൂനിയർ സൂപ്രണ്ട്, സീനിയർ ക്ളർക്ക് എന്നിവരെ SCERT യിലേയ്ക്ക് താൽക്കാലിക ക്രമീകരണമെന്ന രീതിയിൽ പുനർവിന്യസിച്ച് മേൽ പ്രസ്താവിച്ച പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സുജാത.കെ.എൻ
അഡീഷണൽ സെക്രട്ടറി

പകർപ്പ്:

പൊതുവിദ്യാഭ്യാസഡയറക്ടർ,തിരുവനന്തപുരം
ഡയറക്ടർ, പരീക്ഷാ ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, എസ്,സി.ഇ.ആർടി, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം
(വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
ഡയറക്ടർ, വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ